# Malayala Manorama

## 27 August 2018

## Kakkanad, Medicines, Brought to Safety

# പ്രളയജലം എത്തും മുൻപേ മരുന്നുകൾ സുരക്ഷിത സ്ഥാനത്തെത്തിച്ചതു രക്ഷയായി

കാക്കനാട് ● പ്രളയമെത്തുംമുൻപേമരുന്നുകളുംജീവൻരക്ഷാ ഉപകരണങ്ങളുമൊക്കെ സുരക്ഷിത സ്ഥാനങ്ങളിലേക്കു മാറ്റാൻ കഴിഞ്ഞത് ആരോഗ്യവകുപ്പിനു നേട്ടമായി. ഇതു മൂലമാണു രക്ഷാപ്രവർത്തന - ദുരിതാശ്വാസ വേളകളിൽ കാര്യമായ മരുന്നുക്ഷാമം അനുഭവപ്പെടാതിരുന്നതെന്നു വകുപ്പ് വ്യക്തമാക്കി.

ജില്ലാ, താലൂക്ക് സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ മെഡിക്കൽ ഉപകരണങ്ങൾ, മരുന്നുകൾ, വാക്സിനുകൾ തുടങ്ങിയവ സുരക്ഷിത സ്ഥാനത്തേക്കു മാറ്റാനുള്ള നിർദേശം നേരത്തേ നൽകിയിരുന്നു. പ്രളയത്തോടനുബന്ധിച്ച പകർച്ചവ്യാധികളെ ശക്തമായി നേരിടാനുള്ള പ്രതിരോധ നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രളയത്തിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിലും ദുരിതാശ്വാസ ക്യാംപുകളിലുമെല്ലാം കൃത്യസമയത്തു മരുന്നുകൾ എത്തിച്ച് ഒട്ടേറെപ്പേരെ ചികിൽസിക്കാൻ കഴിഞ്ഞു.

വെള്ളപ്പൊക്കം മൂലം ഡോക്ടർമാർ, പാരാമെഡിക്കൽ ജീവനക്കാർ എന്നിവർക്കു സ്വന്തം സ്ഥാപനത്തിൽ എത്താൻ സാധിച്ചില്ലെങ്കിൽ എത്താൻ പറ്റുന്ന ആരോഗ്യ സ്ഥാപനത്തിലോ ദുരിതാശ്വാസ ക്യാംപുകളിലോ സേവനം അനുഷ്ഠിക്കാനുള്ള അനുമതി നൽകിയിരുന്നു.

കേരളത്തിലെ ഏറ്റവും വലിയ ദുരിതാശ്വാസ ക്യാംപായ ആലുവ യുസി കോളജിലാണ് ഏറ്റവും കൂടുതൽ ഡോക്ടർമാർ ജോലി ചെയ്തത്.

സ്വകാര്യ ആശുപത്രികളിലെ ഡോക്ടർമാരും സേവനത്തിനായി എത്തി. നഴ്സുമാർ, ഫാർമസിസ്റ്റുകൾ, ഫീൽഡ് വർക്കേഴ്സ് എന്നിവരും രംഗത്തുണ്ടായിരുന്നു. ആരോഗ്യ വകുപ്പിന്റെ കൺട്രോൾ റൂം എറണാകുളം ജനറൽ ആശുപത്രിയിലെ കോൺഫറൻസ് ഹാളിലാണു പ്രവർത്തിക്കുന്നത്. 18ന് ആരംഭിച്ച കൺട്രോൾ റൂം മരുന്നുകൾ, വാക്സിനുകൾ, ആരോഗ്യ പ്രവർത്തനങ്ങൾ എന്നിവയുടെ ഏകോപനം നിർവഹിച്ചു.

ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ, ഇന്ത്യൻ അസോസിയേഷൻ ഓഫ് പീഡിയാട്രിക്സ്, കേരള ഗവൺമെന്റ് മെഡിക്കൽ ഓഫിസേഴ്സ് അസോസിയേഷൻ, സ്വകാര്യ ആശുപത്രിയിലെ ഡോക്ടർമാർ, പാരാമെഡിക്കൽ ജീവനക്കാർ എന്നിവരുടെ സഹകരണത്തോടെയാണു കൺട്രോൾ റൂം പ്രവർത്തിക്കുന്നത്. കടവന്ത്ര ഇൻഡോർ സ്റ്റേഡിയത്തിൽ പ്രവർത്തിച്ച കലക്ഷൻ സെന്ററിൽ എത്തുന്ന എല്ലാ മരുന്നുകളും കൺട്രോൾ റൂമിൽ എത്തിച്ചു റീപായ്ക്ക് ചെയ്തു കേരളത്തിലെ എല്ലാ ക്യാംപുകളിലേക്കും നൽകി. ഫാർമസിസ്റ്റുകളുടെ സഹായത്തോടെ എയർ ഡ്രോപ് ചെയ്യേണ്ട വിധത്തിലാണു മരുന്നുകൾ പായ്ക്ക് ചെയ്തത്.

സ്വകാര്യ ആശുപത്രികൾ, സ്വകാര്യ വ്യക്തികൾ, സന്നദ്ധസംഘടനകൾ എന്നിവയിൽനിന്നു മരുന്നുകൾ ലഭ്യമായി.

ഒന്നര വർഷമായി എറണാകുളം ജനറൽ ആശുപത്രിയിൽ സേവനമനുഷ്ഠിക്കുന്ന റാപ്പിഡ് റെസ്പോൺസ് ടീമിന്റെ (ആർആർടി) മാതൃകാപരമായ പ്രവർത്തനങ്ങളും ആരോഗ്യവകുപ്പിന് ഊർജം പകർന്നു.

അടിയന്തര ഘട്ടങ്ങളിൽ മരുന്നുകൾ എത്തിക്കാനും രക്ഷാപ്രവർത്തനങ്ങൾക്കും ഇവരുടെ പിന്തുണ ലഭിച്ചു. വെള്ളം കയറിയ പല ഭാഗങ്ങളിൽനിന്നു ദ്രുതഗതിയിൽ പാലിയേറ്റീവ് രോഗികളെയും മറ്റും സുരക്ഷിത സ്ഥാനങ്ങളിലേക്കു മാറ്റാൻ ഇവർക്കു കഴിഞ്ഞു.

മികച്ച പരിശീലനം ലഭിച്ച 25 അംഗങ്ങളാണ് ആർആർടിയിലുള്ളത്.

മഞ്ഞുമ്മലിലെ കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ ലിമിറ്റഡിന്റെ ഗോഡൗണിൽ മാത്രമാണ് ഇപ്പോൾ മരുന്നുവിതരണം നടക്കുന്നത്.

സ്ഥാപനങ്ങൾക്ക് മാത്രമാണ് ഇവിടെനിന്നു മരുന്നുകൾ ലഭിക്കുക. ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിൽ മാത്രമായി 1,300 എയർഡ്രോപ്പുകൾ നടത്തി. ബ്ലീച്ചിങ് പൗഡർ, ക്ലോറിൻ, എലിപ്പനിയെ പ്രതിരോധിക്കാനുള്ള മരുന്നായ ഡോക്സി സൈക്ലിൻ എന്നിവ ലഭ്യമാക്കാൻ സാധിക്കുന്ന എല്ലായിടത്തും എത്തിച്ചതായും അധികൃതർ പറഞ്ഞു.